**പതിനാലാം കേരളനിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ :2149**

**18.07.2016 ലെ മറുപടിയ്ക്ക്**

**അദ്ധ്യാപക നിയമനാംഗീകാരത്തിന് കെ-ടെറ്റ് നിർബന്ധമാക്കിയ നടപടി**

| **ചോദ്യം**<br>ശ്രീ.ജോർജ് എം. തോമസ് | | **ഉത്തരം**<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എയ്ഡഡ് സ്കൂളുകളിൽ പുതുതായി ജോലിയിൽ പ്രവേശിച്ചവർക്ക് കെ-ടെറ്റ് പരീക്ഷ പാസ്സാവാത്തതിനാൽ നിയമനാംഗീകാരം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം ഇളവുകളാണ് നൽകാനുദ്ദേശി-ക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | കേന്ദ്രവിദ്യാഭ്യാസ അവകാശനിയമത്തിന് അനുസൃതമായാണ് സംസ്ഥാനത്തെ സ്കൂൾ അധ്യാപകർക്ക് ടെറ്റ് യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ളത്. 2012 മുതൽ 2014 അധ്യയന വർഷം വരെയുള്ള കാലയളവിൽ നിയമിതരായ അധ്യാപകർക്ക് 'കെ-ടെറ്റ് യോഗ്യത' പാസ്സാകുന്നതിന് 2018 -വരെ സമയം അനുവദിച്ചിട്ടുണ്ട്. കൂടാതെ, 15.06.2016 ലെ സ.ഉ.(പി) നം.99/2016/ പൊ.വി.വ ഉത്തരവ് പ്രകാരം 2015-16 അധ്യയനവർഷത്തിൽ നിയമിതരായ അധ്യാപകർക്കും കെ-ടെറ്റ് യോഗ്യതാ പരീക്ഷ പാസ്സാകുന്നതിന് പ്രസ്തുത കാലയളവ് (2018) വരെ ഇളവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | ഈ നിബന്ധന ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി)യും<br>(ഡി)യും | പരിഗണനയിലില്ല. |
| (ഡി) | ഉണ്ടെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ